**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3773** — **27-10-2021 - ൽ മറുപടിയ്ക്ക്**

**ജൈവ വൈവിധ്യ ബോർഡിന്റെ കീഴിലെ പ്രോജക്ട് ഫെലോ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കീഴിൽ പ്രോജക്ട് ഫെലോ തസ്തികയിൽ 10 വർഷത്തോളമായി ജോലി ചെയ്തിരുന്നവർ ഉൾപ്പെടെയുള്ളവരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കൽ പദ്ധതിയുടെ ഭാഗമായാണ് പ്രോജക്ട് ഫെല്ലോമാരെ തെരഞ്ഞെടുത്തിരുന്നത്. ഇവരുടെ നിയമനം തികച്ചും താൽക്കാലികമാണെന്നും പ്രോജക്ട് കാലയളവ് വരെ മാത്രമാണെന്നും നിയമന കത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതി 2019 ൽ പൂർത്തിയാകുകയും ഇക്കാര്യം സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതിയുടെ ഭാഗമായി ബോർഡിന് അനുവദിച്ച 3 പദ്ധതികളുടെ പ്രാഥമികഘട്ട വിവരശേഖരണ പ്രവർത്തനങ്ങൾക്കായി PBR പ്രോജക്ട് ഫെല്ലോമാരുടെ സേവനം 31-03-2021 വരെയും, പിന്നീട് 30-04-2021 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഇത്തരമൊരു നടപടി ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കുമോ; നടപടി മരവിപ്പിക്കുമോ; വിശദാംശം നൽകുമോ? | (ബി) | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കൽ പദ്ധതിയുടെ ഭാഗമായാണ് പ്രോജക്ട് ഫെല്ലോമാരെ തെരഞ്ഞെടുത്തിരുന്നത്. ഇവരുടെ നിയമനം തികച്ചും താൽക്കാലികമാണെന്നും പ്രോജക്ട് കാലയളവ് വരെ മാത്രമാണെന്നും നിയമന കത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. പദ്ധതി 2019 ൽ പൂർത്തിയാകുകയും ഇക്കാര്യം സർക്കാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) പദ്ധതിയുടെ ഭാഗമായി ബോർഡിന് അനുവദിച്ച 3 പദ്ധതികളുടെ പ്രാഥമികഘട്ട വിവരശേഖരണ പ്രവർത്തനങ്ങൾക്കായി PBR പ്രോജക്ട് ഫെല്ലോമാരുടെ സേവനം 31-03-2021 വരെയും, പിന്നീട് 30-04-2021 വരെയും ദീർഘിപ്പിച്ച് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ